ഹെഡ് ക്ലാർക്ക്	-	1
യു.ഡി. ക്ലാർക്ക്/എൽ.ഡി. ക്ലാർക്ക്	-	17
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	1
എസ്.ജി.റ്റി/യു.ഡി.റ്റി./എൽ.ഡി.റ്റി.	-	3
ഓഫീസ് അറ്റന്റന്റ്	-	2
ഡ്രൈവ്സ്മാൻ	-	1
ക്യാമ്പ് ഫോളോവർ	-	1
ആകെ	-	949

(ബി&സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ അപര്യാപ്തതകൾ

171 (3803) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിന്റെ വാർത്താവിനിമയ സംവിധാനമായ കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗം ആധുനിക ഉപകരണങ്ങളുടെയും സൗകര്യങ്ങളുടെയും അഭാവത്തിൽ ഏറെ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉയർന്ന മലമുകളിൽ സ്ഥാപിച്ചിട്ടുള്ള റിപ്പീറ്റർ സ്റ്റേഷനുകളിൽ ഉറപ്പുള്ള കെട്ടിടമോ, കുടിവെള്ളമോ, വൈദ്യുതിയോ, ഗതാഗത യോഗ്യമായ റോഡുകളോ ഇല്ലാതെ ജീവനക്കാർ പ്രയാസപ്പെടുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ പന്തല്ലൂർ റിപ്പീറ്ററിൽ 12 km അകലെയുള്ള നീർച്ചാലിൽനിന്നും ജലം ബാരലുകളിലാക്കി കൊണ്ടുവരുന്നതും സുരക്ഷിതമല്ലാത്ത കെട്ടിടത്തിൽ ഇടയ്ക്കിടെ വിഷമുള്ള പാമ്പുകൾ കയറി വരുന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ സംസ്ഥാനത്തെ എല്ലാ റിപ്പീറ്റർ സ്റ്റേഷനുകളും നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങളും, റോഡും നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉണ്ട്.

(ഡി) റിപ്പീറ്റർ സ്റ്റേഷനുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങളും റോഡും നിർമ്മിക്കുന്നതിലേക്കായി എല്ലാ ടെലികമ്മ്യൂണിക്കേഷൻ സബ് യൂണിറ്റുകളിലെയും ഇൻസ്പെക്ടർമാരെ 'ലെയ്സൺ ഓഫീസർ'-മാരായി നിയോഗിച്ച് ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ന്യൂ ജനറേഷൻ ബാങ്കുകൾ

172 (3804) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാരന്റെ ആവശ്യങ്ങൾക്ക് ബ്ലാങ്ക് ചെക്ക് ലീഫുകളും മുദ്രപ്പത്രങ്ങളും ഈടായി സ്വീകരിച്ചുകൊണ്ട് പണം കടം കൊടുക്കുകയും പിന്നീട് ഇവയിൽ തുകയെഴുതി നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിലെ വകുപ്പുകൾ ദുരുപയോഗം ചെയ്തുകൊണ്ട് വ്യാജരേഖകൾ ചമച്ച് ചെക്കുകേസുകൾ ഫയൽ ചെയ്യുകയും ചെയ്ത് വസ്തുവകകൾ അപഹരിക്കുന്ന ബ്ലേഡ് മാഫിയ സംഘങ്ങൾ ചെയ്യുന്നതുപോലുള്ള സാമൂഹ്യദ്രോഹപ്രവർത്തനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില ന്യൂ ജനറേഷൻ ബാങ്കുകളും ചുരുക്കം ചില സർവ്വീസ് സഹകരണ ബാങ്കുകളും ചെയ്തുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാനത്തെ ഇന്റലിജൻസ് വകുപ്പിനും ഇതര ഏജൻസികൾക്കും ലഭിക്കുന്ന പരാതികളിന്മേൽ യുദ്ധകാലാടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതിനും കഴിയുമോ ;

(സി) പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ രൂപീകൃതമായ സഹകരണ പ്രസ്ഥാനത്തിലെ സർവ്വീസ് സഹകരണ ബാങ്കുകൾ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് അറുതി വരുത്തുന്നതിന് കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടാൽ നടപടിയെടുക്കുന്നതാണ്.

(സി) 'ഓപ്പറേഷൻ കുബേര' തുടങ്ങിയതിനുശേഷം ചില പരാതികൾ വരികയും ആയതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly